# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *621 — 02/04/2018-ൽ മറുപടിക്ക്

### പീക്ക് ഔവറിലെ വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുവാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**,, എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**,, ഹൈബി ഈഡൻ**<br>**,, അനിൽ അക്കര** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | പീക്ക് ഔവറിലെ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | പീക്ക് ഔവറിലെ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിന് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br>1. പ്രതിമാസം 500 യൂണിറ്റിനു മുകളിൽ വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും, 20 കിലോവാട്ട് മുകളിൽ ഉപയോഗിക്കുന്ന ലോ ടെൻഷൻ വ്യവസായിക ഉപഭോക്താക്കൾക്കും, എല്ലാ ഹൈ ടെൻഷൻ എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്കും ടൈം ഓഫ് ദി ഡേ താരിഫ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. പകൽ 6 മുതൽ വൈകുന്നേരം 6 വരെയും, 6 മണിമുതൽ രാത്രി 12 മണി വരയും, തുടർന്ന് 12 മുതൽ രാവിലെ 6 മണിവരെയുമുള്ള ഉപഭോഗം പ്രത്യേകം അളന്ന് പീക്ക് സമയത്ത് 20% കൂടുതൽ ചാർജ്ജും രാത്രി 12 മണിയ്ക്ക് ശേഷം 10% കുറഞ്ഞ ചാർജ്ജും ഈടാക്കികൊണ്ട് പീക്ക് സമയത്തെ വൈദ്യുതി ഉപഭോഗം രാത്രി സമയത്തേയ്ക്ക് മാറ്റുന്നതിന് പ്രോത്സാഹിപ്പിക്കുകയാണ് ഈ നടപടി കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ ഉയർന്ന വൈദ്യുത ക്ഷമതയുള്ള എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തു പ്രോത്സാഹിപ്പിച്ചും, പീക്ക് സമയത്തെ ഉപഭോഗം കുറയ്ക്കാൻ ശ്രമിച്ചുവരുന്നു. |
| ബി) | പീക്ക് ഔവറിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് അധികതുക ഈടാക്കുന്നതിന് സഹായകമായ രീതിയിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (ബി) | കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം മാസം 200 യൂണിറ്റിനു മുകളിൽ ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി തീരുമാനിച്ചിട്ടുണ്ട്. പീക്ക് ഔവറിൽ |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് അധിക തുക ഈടാക്കുന്ന സംവിധാനം (റ്റി.ഒ.ഡി) ഇപ്പോൾ തന്നെ നിലവിലുണ്ട്. നിലവിൽ 20 കിലോവാട്ടിനു മുകളിൽ കണക്റ്റഡ് ലോഡ് ഉള്ള ഇൻഡസ്ട്രിയൽ/ കമേർഷ്യൽ ഉപഭോക്താക്കളും, 500 യൂണിറ്റിനു മുകളിൽ മാസ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളും റ്റി.ഒ.ഡി സംവിധാനത്തിലാണ് ബിൽ ചെയ്യപ്പെടുന്നത്. ഇപ്പോൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്മാർട്ട് മീറ്ററും പീക്ക് ഔവറിൽ ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് അധിക തുക ഈടാക്കുന്നതും തമ്മിൽ ഒരു ബന്ധവുമില്ല |
| (സി) | തിരുവോണം, ക്രിസ്തുമസ്, ന്യൂ ഇയർ തുടങ്ങിയ വിശേഷാവസരങ്ങളിൽ പീക്ക് ഔവറിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് ഇരട്ടി ചാർജ്ജ് ഈടാക്കുവാൻ നിർദ്ദേശമുണ്ടോ; വിശദമാക്കാമോ? | (സി) | തിരുവോണം, ക്രിസ്തുമസ്, ന്യൂ ഇയർ തുടങ്ങിയ വിശേഷാവസരങ്ങളിൽ പീക്ക് ഔവറിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് ഇരട്ടി ചാർജ്ജ് ഈടാക്കുവാൻ നിർദ്ദേശം നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ